## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3902 20.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

തോട്ടങ്ങളുടെ ഉടമസ്ഥ അവകാശം

ചോദ്യം

ശ്രീമതി.ഇ.എസ്.ബിജിമോൾ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | വൻകിട തോട്ടങ്ങളുടെ ഉടമസ്ഥ അവകാശം അന്വേഷിക്കുന്നതിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പീരുമേട് താലൂക്കിലെ പെരുവന്താനം ട്രാവൻകൂർ റബ്ബർ ആൻഡ് ടീ ലിമിറ്റഡ് കമ്പനിയുടെ കൈവശഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ബഹു.സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഇടുക്കി ജില്ലാ കളക്ടർക്ക് ശുപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഇടുക്കി ജില്ലയിലെ പെരുവന്താനം വില്ലേജിലെ ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിയുടെ ഭൂമി സർക്കാർ ഭൂമിയാണെന്ന കമ്മീഷന്റെ കണ്ടെത്തലിനെ തുടർന്ന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബഹു.സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 31.03.2015-ലെ ശുപാർശ പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 01.07.2015-ലെ കത്ത് പ്രകാരം ഇടുക്കി ജില്ലാ കളക്ടർ പീരുമേട് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. 01.07.2015-ന് തന്നെ പീരുമേട് തഹസിൽദാർ പ്രാഥമിക റിപ്പോർട്ട് ഇടുക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഇക്കാര്യത്തിന്മേൽ വിശദമായ റിപ്പോർട്ടും ശുപാർശയും സമർപ്പിക്കുവാൻ ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസറെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരമുള്ള അന്വേഷണ നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) | സർക്കാരിന് അവകാശപ്പെട്ട ഭൂമി നാളിതുവരെ കൈവശം വയ്ക്കുകയും അന്യാധീനപ്പെടുത്തുകയും ചെയ്തിട്ടുള്ള തോട്ടം ഉടമകൾക്ക് എതിരെ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | ഇത് സംബന്ധിച്ച് ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നിയമോപദേശം ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇടുക്കി ജില്ലാ കളക്ടർക്ക് മനുഷ്യാവകാശ കമ്മീഷൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ? | തോട്ടം ഉടമയുടെ കൈവശഭൂമിയിൽ കൂടിയുള്ള റോഡിൽ സ്ഥാപിച്ചിരുന്ന ഗേറ്റ് നീക്കം ചെയ്യണമെന്ന ബഹു.മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് 01.07.2015-ൽ ഇടുക്കി ജില്ലാ കളക്ടർ നടപ്പിലാക്കിയിരുന്നു. എന്നാൽ 26.06.2015-ൽ ബഹു.കേരള ഹൈക്കോടതി കമ്മീഷന്റെ ഉത്തരവ് സ്റ്റേ ചെയ്തിരുന്നത് ശ്രദ്ധയിൽപ്പെടാതെയാണ് ജില്ലാ കളക്ടർ ഗേറ്റ് നീക്കം ചെയ്തത്. ഗേറ്റ് നീക്കം ചെയ്യണമെന്ന കമ്മീഷന്റെ ഉത്തരവ് സ്റ്റേ ചെയ്ത കോടതി, ഗേറ്റ് തുറന്ന് സൂക്ഷിക്കണമെന്നും ടോൾ പിരിക്കരുതെന്നും കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

C.K.V. Kunny

**സെക്ഷൻ ഓഫീസർ**